**14-ാം കേരള നിയമ സഭ**

**14-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2166** 06.02.2019 **-ൽ മറുപടിയ്ക്ക്**

## പാലക്കാട് ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) പാലക്കാട് ജില്ലയിലെ മാങ്ങോട് ചെറുപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ അധ്യാപകരും ഇല്ലാത്തതിനാൽ 2016 ൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും ഉണ്ട്. എന്നാൽ കേരള മെഡിക്കൽ കോളേജ് പ്രവർത്തന ക്ഷമമായിരുന്നതിനാലും കോളേജ് മാനേജ്മെന്റ് സർക്കാർ ഇടപെടൽ ആവശ്യപ്പെടാതിരുന്നതിനാലും മറ്റ് നടപടികളൊന്നും തന്നെ സർക്കാർ തലത്തിൽ സ്വീകരിക്കാൻ കഴിയുമായിരുന്നില്ല. |
| (സി) ഇതു സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;<br>(ഡി) വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ഇടുക്കി മെഡിക്കൽ കോളേജിന്റെ അഫിലിയേഷൻ നഷ്ടമായതിനെത്തുടർന്ന് മറ്റു കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതുപോലെ കേരള മെഡിക്കൽ കോളേജിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലും സ്വാശ്രയ ക്വാട്ടയിൽ പ്രവേശനം കിട്ടിയ വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജിലും സീറ്റ് വർദ്ധിപ്പിച്ച് ബാച്ച് തിരിച്ച് പ്രവേശനം നൽകുന്ന കാര്യം | (സി) യും (ഡി) യും കോളേജിനെ നേരിൽ കേട്ടതിനു ശേഷം സംസ്ഥാന സർക്കാർ, എം.സി.ഐ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് ഹൈക്കോടതി കേന്ദ്രസർക്കാരിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. 12.12.2018 -ൽ നടന്ന യോഗത്തിൽ, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കോളേജിന് ഒരവസരം കൂടി നൽകണമെന്നും അതിൽ പരാജയപെടുന്ന പക്ഷം കേന്ദ്ര സർക്കാരിന്റെയും എം.സി.ഐ യുടെയും അംഗീകാരത്തോടെ മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് അവയുടെ സമ്മതത്തിന് വിധേയമായി |

....2

.പരിഗണിക്കുമോ?

വിദ്യാർത്ഥികളെ മാറ്റാവുന്നതാണെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. തുടർന്ന് കുറവുകൾ പരിഹരിക്കുന്നതിന് ഒരു അവസരം കൂടി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**